**2021-22 അക്കാദമിക വർഷം ഉന്നത വിദ്യാഭ്യാസവകുപ്പിന് കീഴിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ക്ലാസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനായി ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-05-2021-ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്:-**

കൃത്യം 12 മണിക്ക് ആരംഭിച്ച യോഗത്തിൽ ചുവടെപറയുന്ന ഉദ്യോഗസ്ഥർ പങ്കെടുക്കുകയുണ്ടായി.

1. ഡോ. വി. വേണു, ഐ.എ. എസ്, അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്
2. ഡോ. ബൈജുബായി റ്റി. പി, ഡയറക്ടർ (ഇൻ ചാർജ്ജ്), സാങ്കേതിക വിദ്യാഭ്യസ വകുപ്പ്
3. ശ്രീ. വിജയകുമാർ ആർ, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസവകുപ്പ്
4. ശ്രീ. തരുൺലാൽ എസ്, ജോയിന്റ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസവകുപ്പ്
5. ഡോ. ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി ഡയറക്ടർ (ഇൻ ചാർജ്ജ്), കോളേജ് വിദ്യാഭ്യസ ഡയറക്ടറേറ്റ്
6. ശ്രീ. രാജേഷ് കുമാർ കെ.കെ, അണ്ടർ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസവകുപ്പ്
7. ശ്രീ. വിജയകുമാർ. കെ, അസിസ്റ്റന്റ്, ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്
8. ശ്രീ. ഗോകുൽ ജി. നായർ, ക്ലർക്ക്, കോളേജ് വിദ്യാഭ്യസ ഡയറക്ടറേറ്റ്

ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2021-22 അദ്ധ്യയന വർഷത്തിലേക്കുള്ള ക്ലാസുകൾ 2021 ജൂൺ 1-നു തന്നെ ആരംഭിക്കുവാൻ തീരുമാനിച്ചു. സർവ്വകലാശാല പഠനവകുപ്പിലെ ക്ലാസുകൾ ഏത് തീയതിയിൽ ആരംഭിക്കണമെന്നത് അതത് സർവകലാശാലകൾ തീരുമാനം എടുക്കേണ്ടതാണ്. കോളേജ് പ്രിൻസിപ്പൽമാർ കോളേജിൽ എത്തി ക്ലാസുകൾ സുഗമമായി നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ലോക്ക് ഡൗണിന്റെയും, കോവിഡ് നിയന്ത്രണങ്ങളുടെയും സാഹചര്യത്തിൽ അധ്യാപകർ ഓൺലൈൻ ആയി ക്ലാസുകൾ കൈകാര്യം ചെയ്യേണ്ടതാണ്. അതോടൊപ്പം വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനസഹായികളും നോട്ടുകളും PDF രൂപത്തിലും മറ്റും നൽകേണ്ടതാണ്. രാവിലെ 8.30 മുതൽ വൈകുന്നേരം 3.30 വരെയുള്ള സമയത്തിനിടയ്ക്ക് ചുവടെ പറയുന്ന ഏതെങ്കിലും സമയക്രമത്തിൽ ക്ലാസുകൾ നടത്താവുന്നതാണ്.

- രാവിലെ 8.30 മുതൽ ഉച്ചയ്ക്ക് ശേഷം 1.30 വരെ
- രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ
- രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ

എല്ലാ ദിവസവും ചുരുങ്ങിയത് രണ്ട് മണിക്കൂർ എങ്കിലും ഓൺലൈൻ ക്ലാസുകൾ ഉണ്ടായിരിക്കേണ്ടതാണ്. ബാക്കി സമയങ്ങളിൽ വിദ്യാർത്ഥികൾക്ക് പഠന സഹായകരമായ മറ്റ് കാര്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണ്. വെള്ളിയാഴ്ച ദിവസങ്ങളിൽ ക്ലാസുകൾ നിലവിൽ തുടർന്നു വരുന്ന രീതി തുടരേണ്ടതാണ്. ക്ലാസുകൾ കൈകാര്യം ചെയ്യേണ്ട സമയക്രമം വിദ്യാർത്ഥികൾക്ക് കൂടി സൗകര്യപ്രദമായ രീതിയിൽ കോളേജ് കൗൺസിലുകൾക്ക് തീരുമാനിക്കാവുന്നതാണ്.

തുടർച്ചയായി ഓൺലൈൻ ക്ലാസ് നടക്കുന്നതിലെ അസൗകര്യം സംബന്ധിച്ച് വിദ്യാർത്ഥികളിൽ നിന്നും പരാതികൾ ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് കൂടി സൗകര്യപ്രദമായ നിലയിൽ ക്ലാസുകൾ ക്രമീകരിക്കാൻ സ്ഥാപന മേധാവികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഓൺലൈൻ സംവിധാനം ഒരുക്കുവാൻ ഏതൊക്കെ സോഫ്റ്റ് വെയർ ഉപയോഗിക്കണമെന്നത് കുട്ടികളുടെ എണ്ണവും പാഠ്യവിഷയവും അനുസരിച്ച് സ്ഥാപന മേധാവികൾ/ അധ്യാപകർ തന്നെ തീരുമാനിക്കേണ്ടതാണ് . ആയതിലേയ്ക്ക് ആവശ്യാനുസരണം NIC Vidya Platform, Zoom, Google Class Room, Google Meet Micro Soft Team, Webex തുടങ്ങിയ വിവിധ വീഡിയോ കോൺഫറൻസിംഗ് സങ്കേതങ്ങൾ പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ, ഇതിനായി ഓരോ സ്ഥാപനങ്ങൾക്കും പ്രത്യേകം Learning Management System (LMS) കൾ ആരംഭിക്കുവാൻ ശ്രമിക്കേണ്ടതാണ്.

ലോക്ക് ഡൗൺ പിൻവലിക്കുന്ന പക്ഷം ടെക്നിക്കൽ വിഭാഗം ഉൾപ്പെടെയുള്ള എല്ലാ അധ്യാപകരും, ജൂൺ 1 ന തന്നെ അവരവർ ജോലി ചെയ്യുന്ന കോളേജിൽ ഹാജരാകേണ്ടതാണ്. കോവിഡ് നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ യാത്ര ചെയ്യാൻ ബുദ്ധിമുട്ട് നേരിടുന്ന പക്ഷം പ്രിൻസിപ്പൽമാരെ അറിയിക്കേണ്ടതാണ്. അധ്യാപകർ വർക്ക് ഫ്രം ഹോം ആയിട്ടാണ് ക്ലാസുകൾ എടുക്കേണ്ടത്. എന്നിരുന്നാലും ഓരോ ദിവസത്തെയും കോളേജിന്റെ പ്രവർത്തനത്തിന് ആവശ്യമായ അത്യാവശ്യ ജീവനക്കാരുടെ സേവനം പ്രിൻസിപ്പൽമാർ ഉറപ്പാക്കേണ്ടതാണ്.

കോവിഡ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത ജോലിയ്ക്ക് മുൻഗണന നൽകേണ്ടതാണ്. ഓരോ അധ്യാപകനും എടുത്ത ക്ലാസുകൾ സംബന്ധിച്ച റിപ്പോർട്ട് ആഴ്ചയിൽ ഒരിക്കൽ വകുപ്പ് മേധാവികൾ/പ്രിൻസിപ്പൽമാർക്ക് നൽകേണ്ടതാണ്. കോളേജുകളിലെ അനദ്ധ്യാപകർ സർക്കാർ ജീവനക്കാർക്ക് ബാധകമായിട്ടുള്ള പൊതു ഉത്തരവുകളിൽ നിഷ്കർഷിക്കുന്നപ്രകാരം ജോലിയ്ക്ക് ഹാജരാകേണ്ടതാണ്.

ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാനുള്ള സാങ്കേതിക സൗകര്യം അപര്യാപ്തമായ വിദ്യാർത്ഥികളെ തിരിച്ചറിയുകയും, വകുപ്പ് മേധാവികളുടെ സഹായത്തോടെ പ്രിൻസിപ്പൽമാർ അവർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ എത്തിക്കുന്നതിന് നേതൃത്വം നൽകേണ്ടതുമാണ്. ഇതിനായി അക്ഷയ സെന്ററുകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. അധ്യയന വർഷാരംഭം മുതൽ അധ്യാപകരുടെ ജോലിഭാരം കണക്കാക്കി, സ്ഥാപനങ്ങളിൽ ആവശ്യമെങ്കിൽ വകുപ്പ് ഡയറക്ടറുടെ അനുമതിയോടെ അതിഥി അധ്യാപകരെ നിയമിക്കാവുന്നതാണ്.

എല്ലാ സ്ഥാപനങ്ങളിലും, കുറ്റമറ്റരീതിയിൽ അധ്യയനം നടക്കുന്നുണ്ടെന്ന് പ്രിൻസിപ്പൽമാർ ഉറപ്പുവരുത്തേണ്ടതാണ്. അധ്യാപകരും, വിദ്യാർത്ഥികളും, ജീവനക്കാരും സർക്കാരിന്റെ കോവിഡ് സംബന്ധമായ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. കൂടാതെ, കോളേജുകൾ തുറക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മുൻ ഉത്തരവുകളിലെ പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

കോവിഡ് ജാഗ്രതയുടെ ഭാഗമായി സർവ്വകലാശാലാതലത്തിലും, കോളേജ് തലത്തിലും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രാദേശിക ജനപ്രതിനിധികളുടെയും പ്രത്യേക സമിതികൾ ഉണ്ടാക്കി സ്ഥിതിഗതികൾ അവലോകനം ചെയ്യുന്ന നേരത്തെയുള്ള രീതി തുടരേണ്ടതാണ്.

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, ഉന്നതവിദ്യാഭ്യാസ വകുപ്പിലെ മറ്റ് വിദ്യാഭ്യാസ സ്ഥാപന മേധാവികൾ എന്നിവർ മേൽ സൂചിപ്പിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അവരവരുടെ കീഴിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകൾ അടിയന്തിരമായി പുറപ്പെടുവിക്കേണ്ടതാണ്.

ഒരു മണിയ്ക്ക് യോഗം അവസാനിച്ചു.